# പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1080 — 08/02/2013 ൽ മറുപടിക്ക്

## ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ഫോർ ഡിസേബിൾഡ് ചിൽഡ്രൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.എസ്.സുനിൽ കുമാർ:<br>ശ്രീ. കെ.അജിത്:<br>ശ്രീമതി ഗീതാ ഗോപി:<br>ശ്രീ. വി.ശശി: | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ഫോർ ഡിസേബിൾഡ് ചിൽഡ്രൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സഹായ ഉപകരണങ്ങൾ വാങ്ങി നൽകാറുണ്ടോ; എങ്കിൽ എന്തെല്ലാം ഉപകരണങ്ങളാണ് വാങ്ങി നൽകുന്നത്; ഇതിനായി ഒരു വിദ്യാർത്ഥിക്ക് പരമാവധി എത്ര തുക വരെ ചെലവഴിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; | എ) | ഉണ്ട്. ഓർത്തോ ഉപകരണങ്ങൾ, കണ്ണടകൾ, ശ്രവണസഹായികൾ എന്നിവ വാങ്ങി നൽകാറുണ്ട്. ഇതിനായി ഒരു വിദ്യാർത്ഥിക്കായി പരമാവധി 2000/- രൂപ വരെ ചെലവഴിക്കുന്നുണ്ട്. |
| ബി) | പ്രസ്തുത ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് ഏത് സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; | ബി) | കേന്ദ്ര ഗവൺമെന്റും, കേരള ഗവൺമെന്റും യഥാക്രമം അലിംകോ എന്ന കമ്പനിയേയും കെൽട്രോൺ എന്ന കമ്പനിയെയുമാണ് പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ഉപകരണ വിതരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| സി) | പ്രസ്തുത ഉപകരണങ്ങളുടെ നിർമ്മാണം, അറ്റകുറ്റപ്പണികൾ തുടങ്ങിയവയിൽ മുൻപരിചയം ഇല്ലാത്ത സ്ഥാപനത്തെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | സി) | ഉപകരണങ്ങളുടെ വിതരണ ചുമതല കെൽട്രോൺ ഇലക്ട്രോ സിറാമിക്സിനെ ഏൽപ്പിച്ചതിനെതിരെ പ്രൊഫസർ കെ.എ. ചന്ദ്രശേഖരൻ എന്നൊരാൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

69